പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1135. 21.3.2013 ൽ മറുപടിക്ക്

## ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ.പി. കെ. ബഷീർ<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ; | (എ) കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഉദ്ഗ്രഥനം ലക്ഷ്യമിട്ടുകൊണ്ട് Higher Education 2.0- Illumine the Future എന്ന പേരിൽ ഒരു പദ്ധതി ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതികൾ മുഖേന കൈവരിക്കാൻ കഴിയുമെന്ന് കരുതുന്ന നേട്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | ബി) പ്രസ്തുത പദ്ധതികൾ മുഖേന ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ (Quality) വർദ്ധിപ്പിക്കുന്നതാണ്.<br>സ്കോളർ സപ്പോർട്ട് പ്രോഗ്രാമിൽ കൂടി വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി പരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം വിദ്യാർത്ഥികൾക്ക് തൊഴിൽ വൈദഗ്ധ്യം നേടുന്നതിന് സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | 2012-13 സാമ്പത്തിക വർഷം ഉന്നത വിദ്യാഭ്യാസ മേഖലയുടെ മെച്ചപ്പെടുത്തലിനായി എന്തു തുക വകയിരുത്തി, എന്തു തുക ചെലവഴിച്ചു എന്നീ വിശദാംശങ്ങൾ നൽകുമോ? | (സി) | ഉന്നത വിദ്യാഭ്യാസ കൗൺസിലിന് 9 കോടി രൂപ വകയിരുത്തിയതിൽ 4,94,96,826/- രൂപ (നാലുകോടി തൊണ്ണൂറ്റിനാലുലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എണ്ണൂറ്റി ഇരുപത്തി ആറ് രൂപ) ചെലവായിട്ടുണ്ട്.<br><br>കോളേജ് വിദ്യാഭ്യാസ വകുപ്പിന് വിവിധ പദ്ധതികൾക്കായി 8040 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഇതുവരെ 5898.4 ലക്ഷം രൂപ ചിലവഴിച്ചു. |

സെക്ഷൻ ഓഫീസർ

1. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മയും അധ്യാപകരുടെ നിലവാരവും വിലയിരുത്തുന്നതിനായി ഒരു സ്റ്റേറ്റ് അസസ്മെന്റ് & അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനു മുന്നോടിയായുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് പ്രൊഫ. ഡോ. എ. ജ്ഞാനം ചെയർമാനായി ഒരു. സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് കൗൺസിലിന് ലഭിച്ചിട്ടുണ്ട്. കൗൺസിൽ റിപ്പോർട്ട് വിലയിരുത്തിയതിനു ശേഷം ശുപാർശകളോടെ സർക്കാരിന് സമർപ്പിക്കുന്നതാണ്.
2. ബിരുദതല വിദ്യാഭ്യാസം പുനഃസംഘടിപ്പിച്ച്, ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായവും ഗ്രേഡിംഗും നടപ്പിലാക്കി. എന്നാൽ കഴിഞ്ഞ 3 വർഷങ്ങളിലായി സംസ്ഥാനത്തെ സർവകലാശാലകളിലെ ബിരുദ തലത്തിൽ നടപ്പിലാക്കിവരുന്ന ക്രെഡിറ്റ് & സെമസ്റ്റർ സമ്പ്രദായത്തിലും ഗ്രേഡിംഗിലും ചില അപാകതകൾ ഉള്ളതായി പരാതികൾ ഉന്നയിക്കപ്പെട്ട പശ്ചാത്തലത്തിൽ അവ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പ്രൊഫ. ബി. ഹൃദയകുമാരി അദ്ധ്യക്ഷയായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ഗവൺമെന്റ് അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.
3. കൗൺസിൽ തയ്യാറാക്കിയ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ തിരുവനന്തപുരത്തും, എറണാകുളത്തും, കോഴിക്കോടും കോളേജ് ക്ലസ്റ്ററുകൾ സ്ഥാപിച്ചു. കൂടുതൽ ക്ലസ്റ്ററുകൾ ആരംഭിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുന്നു.
4. നോബൽ സമ്മാനജേതാക്കളടക്കം പ്രമുഖ പണ്ഡിതരെ ഉൾപ്പെടുത്തി സംസ്ഥാനത്തെ സർവകലാശാലകളിൽ 2009-10 മുതൽ സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം എറുഡേറ്റ് എന്ന പേരിൽ നടപ്പിലാക്കിവരുന്നു.
5. ദേശീയ അന്തർദേശീയ തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വന്ന മാറ്റങ്ങൾ കൂടി ഉൾകൊണ്ട് സംസ്ഥാന വിദ്യാഭ്യാസ നയത്തിൽ മാറ്റങ്ങൾ വരുത്താൻ പഠനം നടത്തുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും വേണ്ടി പോണ്ടിച്ചേരി സർവ്വകലാശാല വൈസ് ചാൻസിലർ പ്രൊഫ. ജെ. എ. കെ. തരീൻ അദ്ധ്യക്ഷനായി പുതിയ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.
6. സർവകലാശാല നിയമങ്ങൾ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടിൽ കൂടുതൽ സമഗ്രമായ പഠനങ്ങൾ ആവശ്യമാണെന്ന് കണ്ടതിനാൽ പ്രൊഫ. ചന്ദ്രശേഖര

പിള്ള അദ്ധ്യക്ഷനായി പുതിയ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് കൗൺസിലിന് ലഭിച്ചിട്ടുണ്ട്. കൗൺസിലിന്റെ ശുപാർശകളോടെ റിപ്പോർട്ട് സർക്കാറിന് സമർപ്പിക്കുന്നതാണ്.

7. വിദ്യാഭ്യാസ വ്യവസായ രംഗങ്ങൾ തമ്മിലുള്ള പരസ്പര ബന്ധവും സഹകരണവും വർദ്ധിപ്പിക്കുന്നതിനായുള്ള സാധ്യതകൾ പരിശോധിക്കുന്നതിനായി ഏഷ്യൻ സ്കൂൾ ഓഫ് ബിസിനസ് ഡയറക്ടർ ശ്രീ. രാജീവ് ശ്രീനിവാസൻ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി റിപ്പോർട്ട് കൗൺസിലിന് സമർപ്പിച്ചിട്ടുണ്ട്. കൗൺസിലിന്റെ ശുപാർശകളോടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതാണ്.

8. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകേതര ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി കാലിക്കറ്റ് സർവകലാശാല പ്രോ. വൈസ് ചാൻസിലർ പ്രൊഫ. രവീന്ദ്രനാഥ് അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാറിന് നൽകിയിട്ടുണ്ട്.

9. സംസ്ഥാന ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളുടെ സമഗ്രവിവരങ്ങൾ ഉൾക്കൊള്ളിച്ചുക്കൊണ്ട് ഡേറ്റാ ബാങ്ക് തയ്യാറാക്കി വെബ്സൈറ്റിൽ നൽകാനുള്ള പദ്ധതി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തിയാക്കി കഴിഞ്ഞു. പദ്ധതിയുടെ അവസാന ഘട്ടം പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

10. ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹിക നീതി നടപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പൊതു - സ്വകാര്യ പങ്കാളിത്തത്തോടെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് ഫണ്ടിന് രൂപം നൽകി. 2010 ജനുവരി 3 ന് ബഹു. പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ഉൽഘാടനം നിർവ്വഹിച്ച ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയിൻ കീഴിൽ 2009-10 അക്കാദമിക വർഷം 6 വിദ്യാർത്ഥികൾക്കും 2010-11 ൽ 1006 വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പുകൾ നൽകി. 2011-12 ൽ 2006 വിദ്യാർത്ഥികൾക്കായിരിക്കും സ്കോളർഷിപ്പുകൾ നൽകുക. (1000 പേർക്ക് പുതിയ സ്കോളർഷിപ്പ് നൽകുന്നതോടൊപ്പം, മുൻപ് സ്കോളർഷിപ്പ് ലഭിച്ചിട്ടുള്ള 1006 പേർക്ക് സ്കോളർഷിപ്പുകൾ റിന്യൂ ചെയ്ത് നൽകുകയും ചെയ്യും.) ഇതിനായുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

11. ഇതര സംസ്ഥാനങ്ങളിലെ ഉന്നത വിദ്യാഭ്യാസ കൗൺസിലുകളുമായി സഹകരിച്ച്, സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 2009-10 മുതൽ റ്റീച്ചർ എക്സ്ചെയ്ഞ്ച് പ്രോഗ്രാം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അബ്ദുൾ റബ്ബ്